പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2355 | 01.04.2013 - ൽ മറുപടിക്ക്

## അയൺ ഗുളികകൾ കഴിക്കുന്നതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്ത അയൺ ഗുളിക കഴിച്ചതിനെ തുടർന്ന് എവിടെയെങ്കിലും കുട്ടികൾക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തു കാരണത്താലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ; സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമാണോ ഇപ്രകാരം അയൺ ഗുളികകൾ വിതരണം ചെയ്യുന്നത് എന്നു പറയാമോ ; | (എ) അയൺ ഫോളിക് ആസിഡ് ഗുളികയുടെ വിതരണത്തെതുടർന്ന് ചിലയിടങ്ങളിൽ ചുരുക്കം കുട്ടികൾക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായതായി ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. ഇങ്ങനെയുണ്ടായ ഓരോ സ്ഥലത്തും അതാത് മെഡിക്കൽ ഓഫീസർ നിയോഗിച്ച വിദഗ്ധർ /ആരോഗ്യ പ്രവർത്തകർ പോയി നേരിട്ട് അന്വേഷണം നടത്തുകയുണ്ടായി.<br>ഏത് മരുന്നും കഴിക്കുമ്പോൾ ഉണ്ടാകുന്ന സ്വാഭാവിക അസ്വാസ്ഥ്യം അയൺ ഫോളിക് ആസിഡ് ഗുളിക കഴിക്കുമ്പോഴും ഉണ്ടായേക്കാം. നിർദ്ദേശങ്ങൾക്ക് വിപരീതമായി വെറും വയറ്റിൽ കഴിക്കൽ, ആഹാരം കഴിച്ചതിന് ശേഷം വളരെ നീണ്ട ഇടവേളക്ക് ശേഷം കഴിക്കൽ മുതലായ കാരണങ്ങളാലാണ് ഇപ്രകാരം ചിലർക്ക് സംഭവിച്ചിട്ടുള്ളത്. അത് ഒഴിവാക്കാൻ ഉതകുന്ന നിർദ്ദേശം, മുൻകരുതൽ മുതലായവ പ്രസ്തുത സ്ഥലങ്ങളിലെ സ്കൂളുകളിൽ ആരോഗ്യ വിദ്യാഭ്യാസ അധികൃതർ വീണ്ടും നൽകുകയുണ്ടായി. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലാണ് അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നത്. |
| (ബി) സ്കൂൾ കുട്ടികൾക്ക് അയൺ ഗുളികകൾ വിതരണം ചെയ്യുന്നതിന് ഉണ്ടായ സാഹചര്യങ്ങൾ എന്താണെന്നു വ്യക്തമാക്കാമോ ; കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ഇപ്രകാരം ചെയ്തിട്ടുള്ളത് എന്നു പറയാമോ ; ഇതു സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) വിവിധങ്ങളായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ കുട്ടികൾക്ക് പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലുള്ളവർക്ക് അയൺ വൈറ്റമിന്റെ അഭാവം ശ്രദ്ധിക്കപ്പെടുകയും കേന്ദ്ര സർക്കാർ പ്രത്യേക പദ്ധതി വഴി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

(....2)

(സി) അയണിന്റെയും മറ്റ് പോഷക ഘടകങ്ങളുടെയും പോരായ്മകൾ മൂലം കുട്ടികളിൽ ഉണ്ടാകുന്ന അസുഖങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും നല്ല പോഷകഗുണമുള്ള ഭക്ഷണം കുട്ടികൾക്ക് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഈ പോരായ്മകൾ ഗുളികകൾ നൽകി പരിഹരിക്കാനാവുമെന്ന് കരുതുന്നുണ്ടോ ?

(സി) കുട്ടികൾക്ക് ഉണ്ടാകുന്ന വിളർച്ചയും, അയണിന്റെ അപര്യാപ്തതയും നിർമ്മാർജ്ജനം ചെയ്യാൻ ആഹാരത്തിലുള്ള മാറ്റങ്ങൾ കൊണ്ട് മാത്രം സാധിയ്ക്കുണമെന്നില്ല. ഇതിന്റെ പരിഹാരത്തിന് അയൺ ഗുളികകൾ കൊണ്ടുള്ള പ്രതിവാര പോഷണ പദ്ധതി അത്യാവശ്യമാണ്.

സെക്ഷൻ ഓഫീസർ